LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരായ കേസുകൾ

232 (2446) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിയുടെ അന്യത്രസേവന കാലാവധി അവസാനിച്ചശേഷവും പ്രസ്തുത സ്ഥാനത്ത് തുടരുന്നതിന് കാരണ മെന്താണെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സെക്രട്ടറിക്കെതിരെ എത്ര കേസുകളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പരാതികളിന്മേലാണ് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഡി.റ്റി.പി.സി. സെക്രട്ടറി സ്ഥാനത്തുനിന്നും വിടുതൽ ചെയ്യണമെന്ന് കാണിച്ച് തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറി ടൂറിസം ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു. ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതി

233 (2447) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേജർ ഇറിഗേഷൻവഴി നിർവ്വഹണം നടത്തുന്നതും കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്നതുമായ മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ ടെണ്ടർ നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?